**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പദ്ധതി അടങ്കലിന്റെ വെട്ടിക്കുറവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് സാംസ്കാരിക വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നത് എന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചു എന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ? | (എ) | സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷ കാര്യാലയം മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലായി 2024-25 സാമ്പത്തിക വർഷം 28.05 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ആയത് 13.12.2024-ലെ സ.ഉ (സാധാ) നം. 712/2024/സാം.കാ.വ ഉത്തരവ് പ്രകാരം 50% ആയി നിജപ്പെടുത്തി 14.02 കോടി രൂപയാക്കിയിട്ടുണ്ട്. പദ്ധതി മുൻഗണനാ ക്രമം പുനർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയ്ക്ക് വകയിരുത്തിയ 13 കോടി രൂപ 11 കോടി രൂപയായും കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും പദ്ധതിയ്ക്ക് വകയിരുത്തിയ 2.75 കോടി രൂപ 1.59 കോടി രൂപയായും ബാക്കി എല്ലാ പദ്ധതികൾക്കും കൂടി 1.43 കോടി രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.<br><br>മറ്റ് സാംസ്കാരിക സ്ഥാപനങ്ങളിൽ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ബജറ്റ് വിഹിതം (തുക ലക്ഷത്തിൽ) | മുൻഗണന ക്രമത്തിൽ നിജപ്പെട്ടുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | സാംസ്കാരിക വകുപ്പ് | 2805 | 1402.5 |
| 2 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 1800 | 1195 |
| 3 | കേരള സംഗീത നാടക അക്കാദമി | 750 | 467 |
| 4 | കേരള സാഹിത്യ അക്കാഡമി | 320 | 160 |
| 5 | കേരള ലളിതകലാ അക്കാഡമി | 550 | 275 |
| 6 | കേരള ഫോക് ലോർ അക്കാദമി | 310 | 170 |
| 7 | കേരള കലാമണ്ഡലം ഡീമ്ഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ | 1950 | 975 |
| 8 | കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി. | 1400 | 700 |
| 9 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 225 | 112.5 |
| 10 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 140 | 83 |
| 11 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 140 | 70 |
| 12 | കേരള സ്റ്റേറ്റ് ബുക്ക് | 60 | 30 |

| | | | |
|---|---|---|---|
| | മാർക്ക് | | |
| 13 | വാസ്തുവിദ്യാ ഗുരുകുലം | 120 | 60 |
| 14 | ഭാരത് ഭവൻ | 100 | 65 |
| 15 | ഗുരു ഗോപിനാഥ് നടനഗ്രാമം | 79 | 65 |
| 16 | പൈതൃക പഠന കേന്ദ്രം | 60 | 48 |
| 17 | ജവഹർ ബാലഭവൻ തിരുവനന്തപുരം /കൊല്ലം/കോട്ടയം/ ആലപ്പുഴ/ തൃശ്ശൂർ | 200 | 107.5 |
| 18 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് | 70 | 40 |
| 19 | മാർഗ്ഗി | 90 | 76.5 |
| 20 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി. | 15 | 10 |
| 21 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 75 | 37.5 |
| 22 | മലയാളം മിഷൻ | 175 | 87.5 |
| 23 | ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ | 40 | 20 |
| 24 | തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് | 40 | 30 |
| **ആകെ** | | **11514** | **6287** |

സെക്ഷൻ ഓഫീസർ